# ജോസ് കെ.മാണി നന്ദിയോടെ വിജയത്തേരിൽ



**നന്ദി, നന്ദി:** *നഗരമധ്യത്തിലൂടെ*



**ആവേശത്തോടെ ആഹ്ലാദത്തോടെ :** *നേതാവിനെ കാത്ത്*

## ജോസ് കെ. മാണി ഇന്ത്യൻ രാഷ്ട്രീയത്തിലെ പുതിയ വാഗ്ദാനം

രാഷ്ട്രീയത്തിന്റെ പതിവുവഴികളിൽ നിന്നു വേറിട്ടു നടക്കാൻ ഇഷ്ടപ്പെടുന്ന യുവനേതാവാണു ജോസ് കെ. മാണി. കോട്ടയം മണ്ഡലത്തെ പാർലമെണ്ടിൽ പ്രതിനിധീകരിക്കുന്ന ഈ ചെറുപ്പക്കാരൻ, കേരളം ഇന്ത്യൻ രാഷ്ട്രീയത്തിനു നല്കുന്ന പുതിയൊരു വാഗ്ദാനമായിരിക്കും.

കേരള രാഷ്ട്രീയത്തിലെ അസാധാരണവ്യക്തിത്വവും അതുല്യപ്രതിഭയുമായ കെ.എം. മാണിയുടെ പുത്രനെന്ന നിലയിൽ, ജനിച്ച നാൾ മുതലേ ജോസ് കെ. മാണിക്കു കേരള രാഷ്ട്രീയം ജീവിതത്തിന്റെ ഒരു ഭാഗമാണ്. പഠനത്തിൽ ലക്ഷ്യബോധത്തോടെ ശ്രദ്ധവച്ചതു കൊണ്ടു രാഷ്ട്രീയത്തിന്റെ പ്രായോഗികപാഠങ്ങൾ പഠനകാലത്തുതന്നെ പരിശീലിക്കേണ്ടതില്ലെന്നദ്ദേഹം തീരുമാനിച്ചു.

എങ്കിലും രാഷ്ട്രീയം ജോസ് കെ. മാണിക്ക് അന്യമായിരുന്നില്ല. നിരവധി പ്രതിസന്ധിഘട്ടങ്ങളെ നിർഭയം അഭിമുഖീകരിക്കുകയും നിരായാസം തരണം ചെയ്യുകയും ചെയ്തുകൊണ്ട് പിതാവ് കെ.എം. മാണി കേരള രാഷ്ട്രീയത്തെ ഉള്ളംകൈയിലെ നെല്ലിക്കപോലെ കൈകാര്യം ചെയ്തു കയറിക്കയറി പോകുന്ന അത്ഭുത ദൃശ്യം മകൻ അടുത്തു നിന്നു വളരെ സൂക്ഷ്മതയോടെ നോക്കിക്കാണുകയായിരുന്നു.

ഈ പരിശീലനത്തിന്റെ പരിസമാപ്തിയിൽ, രാഷ്ട്രീയത്തെയും ജീവിതത്തെയും സംബന്ധിച്ച വ്യക്തവും നവീനവുമായ ഉൾക്കാഴ്ചയോടെ ജോസ് കെ. മാണി കേരള രാഷ്ട്രീയത്തിന്റെ അങ്കക്കളരിയിലേക്കു പതുക്കെ കടന്നുവരികയാണു ചെയ്തത്. യൂത്തുഫ്രണ്ടിന്റെ പ്രസിഡണ്ട് എന്ന നിലയിൽ അദ്ദേഹം പുതിയൊരു രാഷ്ട്രീയ പ്രവർത്തനശൈലി കേരളീയർക്കു പരിചയപ്പെടുത്തി.

അതു വികസനോന്മുഖമായിരുന്നു. വികസനത്തെപ്പറ്റി നവീനമായ ഒരു കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ട്. അതു കാർഷിക മേഖലമുതൽ ഐടി മേഖലവരെ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു വികസനദർശനമാണ്. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തി ജീവിതത്തിന്റെ ഭിന്നമുഖങ്ങളിൽ വികസനം യാഥാർത്ഥ്യമാക്കുക എന്നതാണു ജോസ് കെ. മാണിയുടെ ലക്ഷ്യം.

സംശുദ്ധമായ രാഷ്ട്രീയപ്രവർത്തനത്തിന്റെ വക്താവും പ്രയോക്താവുമാണു ജോസ് കെ. മാണി. സ്വഭാവശുദ്ധിയും സേവനസന്നദ്ധതയും സത്യസന്ധതയും ആത്മാർത്ഥതയുമൊക്കെ പൊതുപ്രവർത്തകരെ ജനങ്ങൾക്കു പ്രിയപ്പെട്ടവരാക്കുന്ന വ്യക്തിത്വഗുണങ്ങളാണെന്ന ബോധ്യവും അദ്ദേഹത്തിനുണ്ട്.

വരുംനാളുകളിൽ പൊതുപ്രവർത്തനത്തിന്റെ പുതിയൊരു സംശുദ്ധ മാതൃക തന്റെ കർമമേഖല കൊണ്ടു ജോസ് കെ. മാണി കേരളത്തിലെ ജനങ്ങൾക്കു പകർന്നു നല്കും എന്നും അതദ്ദേഹത്തെ ഇന്ത്യൻ രാഷ്ട്രീയത്തിൽതന്നെ ശ്രദ്ധേയനാക്കും എന്നും നമുക്കു പ്രതീക്ഷിക്കാം.



**മാധ്യമപ്രവർത്തകരോട് രണ്ടുവാക്ക്:** *ഡിസിസി പ്രസിഡണ്ട് കെ.സി.ജോസഫ് എംഎൽഎയോടൊപ്പം*



*അഭിവാദ്യങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും*



**സ്നേഹവും വാത്സല്യവും:** *പാർട്ടി ചെയർമാൻ സി.എഫ്.തോമസിന്റെ അഭിനന്ദനം*



*പാർട്ടി സെക്രട്ടേറിയറ്റിൽ നേതാക്കളോടൊപ്പം*

ചരിത്രം

ഡോ. എ.പി.ഇബ്രാഹിംകുഞ്ഞ്

# വ്യാപാരത്തിന് ഒരു ജനകീയമുഖം

മൈസൂറിന്റെ ശക്തിയും മലബാറിന്റെ പ്രാധാന്യവും 5

**1785ൽ കുരുമുളക്, ചന്ദനം, ഏലം എന്നിവയുടെ കുത്തകവ്യാപാരം ടിപ്പു ഏറ്റെടുത്തു. ചരക്കുകൾ ശേഖരിച്ച് സൂക്ഷിക്കാനായി രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഗോഡൗണുകൾ സ്ഥാപിച്ചു. പ്രധാന ഗോഡൗൺ വടകരയിലായിരുന്നു. മാഹി, കൊയിലാണ്ടി, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലും ഗോഡൗണുകൾ സ്ഥാപിച്ചു. ഇവിടെനിന്ന് നിശ്ചിതവിലയ്ക്കാണ് കയറ്റുമതി വ്യാപാരികൾക്ക് ചരക്കുകൾ വിറ്റിരുന്നത്.**

ടിപ്പുവിന്റെ കാലത്തു നിർമിച്ച പ്രധാനപ്പെട്ട റോഡുകൾ താഴെ പറയുന്നവയാണ്.

1. കോഴിക്കോട്-പുലവായ്-വൈരുനിലം, ചേക്കൂർ-താമരശ്ശേരി റോഡ്.
2. മലപ്പുറം-പുതുപ്പണം-ചുരം റോഡ്.
3. മലപ്പുറം-താമരശേരി.
4. ഫെറോക്ക്-താമരശ്ശേരി.
5. ഫറോക്ക്-കോയമ്പത്തൂർ-തിരൂരങ്ങാടി-വെൺകാട്ടക്കോട്ട-പട്ടാമ്പി-കവളപ്പാറ-മങ്കര-വാളയാർ വഴി.
6. പാലക്കാട്-ഡിൻഡിഗൽ.
7. വെൺകാട്ടക്കോട്ട-അങ്ങാടിപ്പുറം-കോയമ്പത്തൂർ.
8. ചാലിയം-താനൂർ-പൊന്നാനി-വെളിയൻകോട്ട്-ചാവക്കാട്-ചേറ്റുവ-കൊടുങ്ങല്ലൂർ. (ടിപ്പുസുൽത്താൻ റോഡ് എന്നാണ് ഇപ്പോഴും ഇതറിയപ്പെടുന്നത്.)
9. ഫെറോക്ക്-കുണ്ടോട്ടി-നിലമ്പൂർ-കാക്കൂർചുരം-ജയാൽഹട്ടിചുരം-മൈസൂർ.
10. കണ്ണൂർ-തലശേരി, പേര്യ വഴി മൈസൂർ.
11. താനൂർ-പുതിയങ്ങാടി-തുപ്പാറ-ലക്കിടി-പാലക്കാട്ടുവഴി കോയമ്പത്തൂർ.
12. പാലക്കാട്-ചിറ്റൂർ-തത്തമംഗലം വഴി കൊല്ലങ്കോട്.

ഇതിനുപുറമെ മറ്റുപല റോഡുകളും നിർമിക്കുന്നതിന് കണക്കില്ലാത്ത പണവും അധ്വാനവും വേണ്ടിവന്നു എന്ന കാര്യം വ്യക്തമാണ്. എന്നാൽ ചില ചരിത്രകാരന്മാർ ടിപ്പുവിന്റെ കാലത്ത് മുഴുവൻ കുഴപ്പമായിരുന്നു എന്ന് പ്രചരിപ്പിച്ചിട്ടുണ്ട്. അങ്ങനെയായിരുന്നെങ്കിൽ എട്ടു കൊല്ലംകൊണ്ട് ഇത്രയേറെ റോഡുകൾ നിർമിക്കാൻ കഴിയുമായിരുന്നില്ല.

സുൽത്താനു താത്പര്യമുള്ള മറ്റൊരു രംഗം വ്യാപാരമായിരുന്നു. വിദേശ കമ്പനികൾ സ്വന്തം താത്പര്യത്തിനനുസരിച്ച് മലബാറിലെ സുഗന്ധദ്രവ്യങ്ങൾക്കും മറ്റുത്പന്നങ്ങൾക്കും അവർക്കു തോന്നിയ വിലയാണ് നിശ്ചയിച്ചിരുന്നത്.

രണ്ടു കാരണങ്ങൾകൊണ്ട് ഈ കൊള്ള തടയാൻ ടിപ്പു നിശ്ചയിച്ചു. ആദ്യമായി യൂറോപ്യൻ കമ്പനികളെ നിയന്ത്രിച്ച് അദ്ദേഹത്തിന്റെ താത്പര്യമനുസരിച്ച് പ്രവർത്തിപ്പിച്ചു. അതിനായി യൂറോപ്യൻ രാജ്യങ്ങളിൽ വളരെയേറെ പ്രിയമുള്ള സുഗന്ധദ്രവ്യങ്ങളുടെ വ്യാപാരം നിയന്ത്രിക്കുകയാണു ചെയ്തത്. രണ്ടാമതായി കയറ്റുമതി ഉത്പന്നങ്ങൾക്ക് ന്യായവില നിശ്ചയിക്കുക.

1785ൽ കുരുമുളക്, ചന്ദനം, ഏലം എന്നിവയുടെ കുത്തകവ്യാപാരം ടിപ്പു ഏറ്റെടുത്തു. ചരക്കുകൾ ശേഖരിച്ച് സൂക്ഷിക്കാനായി രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഗോഡൗണുകൾ സ്ഥാപിച്ചു. പ്രധാന ഗോഡൗൺ വടകരയിലായിരുന്നു. മാഹി, കൊയിലാണ്ടി, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലും ഗോഡൗണുകൾ സ്ഥാപിച്ചു. ഇവിടെനിന്ന് നിശ്ചിതവിലയ്ക്കാണ് കയറ്റുമതി വ്യാപാരികൾക്ക് ചരക്കുകൾ വിറ്റിരുന്നത്.

കുത്തക ഉത്പന്നങ്ങൾക്ക് വില കുറവായിരുന്നു എന്നാണ് ബുക്കാനൻ അഭിപ്രായപ്പെടുന്നത്. അതു ശരിയല്ല. യൂറോപ്യൻ കമ്പനികൾക്ക് ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് ചരക്കുകൾ വേണ്ടിയിരുന്നത്. അതിനാൽ അവയ്ക്ക് അനുകൂലമാക്കുന്നതിനുവേണ്ടി വിലയിൽ കൃത്രിമം കാണിച്ചിരുന്നു. ഉദാഹരണത്തിന് ഫ്രഞ്ച്, ഇംഗ്ലീഷ് കമ്പനികൾ തമ്മിൽ മത്സരമുണ്ടായിരുന്നു. എന്നാൽ കുരുമുളകിനു വില കുറച്ചു കിട്ടാനായി അവർ യോജിച്ചു പ്രവർത്തിച്ചു പോന്നു.

പണം പലിശയ്ക്കു കൊടുക്കുകയും യുദ്ധസാമഗ്രികൾ വില്ക്കുകയും ചെയ്തിരുന്നതുമൂലം ഉത്പന്നങ്ങൾക്കു വില കുറച്ചുകിട്ടാൻ മലബാറിലെ പ്രമുഖരിൽ അവർ സമ്മർദം ചെലുത്തിയിരുന്നു. തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമയാണ് കുരുമുളകുവ്യാപാരം രാജ്യത്തിന്റെ കുത്തകയാക്കിയത്. കണ്ടിക്ക് 55-65 രൂപ നിരക്കിലാണ് ഡച്ചുകാർക്ക് കുരുമുളകു വില്ക്കാൻ അദ്ദേഹം തീരുമാനിച്ചത്.

ചുരുങ്ങിയ വിലയ്ക്കു കിട്ടിയ ആ കുരുമുളക് ഡച്ചുകാർ അതിനെക്കാൾ കൂടിയ വിലയ്ക്ക് ഇന്ത്യയിൽ തന്നെ വിറ്റിരുന്നു. അതേ സമയം ടിപ്പു ഉത്പാദകരിൽ നിന്ന് കണ്ടിക്ക് 100 രൂപ നിരക്കിൽ മുളകു വാങ്ങുകയും ചെയ്തു. മുളകു വ്യാപാരം ടിപ്പു കുത്തകയാക്കിയത് കൃഷിക്കാരുടെ നന്മയ്ക്കുവേണ്ടിയാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

*വ്യാപാരവികസനത്തിനായി ടിപ്പു വിദേശരാജ്യങ്ങളിൽ വ്യാപാരകേന്ദ്രങ്ങൾ തുറന്നു. കച്ച്, മസ്ക്കറ്റ്, ജിദ്ദ, ഓർമൂസ് തുടങ്ങിയവയായിരുന്നു ആ വ്യാപാരകേന്ദ്രങ്ങൾ. സ്വരാജ്യത്തെ വ്യാപാര വികസനത്തിനായി ഒരു കച്ചവടക്കമ്പനി സ്ഥാപിച്ചു. ഈ കമ്പനികളുടെ ഷയറുകളെടുക്കാൻ അദ്ദേഹം ജനങ്ങളെ പ്രേരിപ്പിച്ചു. ഷയറുകാർക്ക് പരമാവധി 50 ശതമാനം ഡിവിഡന്റും ഉറപ്പുനല്കി.*

വ്യാപാരവികസനത്തിനായി ടിപ്പു വിദേശരാജ്യങ്ങളിൽ വ്യാപാരകേന്ദ്രങ്ങൾ തുറന്നു. കച്ച്, മസ്ക്കറ്റ്, ജിദ്ദ, ഓർമൂസ് തുടങ്ങിയവയായിരുന്നു ആ വ്യാപാരകേന്ദ്രങ്ങൾ. സ്വരാജ്യത്തെ വ്യാപാര വികസനത്തിനായി ഒരു കച്ചവടക്കമ്പനി സ്ഥാപിച്ചു. ഈ കമ്പനികളുടെ ഷയറുകളെടുക്കാൻ അദ്ദേഹം ജനങ്ങളെ പ്രേരിപ്പിച്ചു. ഷയറുകാർക്ക് പരമാവധി 50 ശതമാനം ഡിവിഡന്റും ഉറപ്പുനല്കി. മലബാറിൽ മുത്തു ശേഖരിക്കുന്ന ഒരു കേന്ദ്രം സ്ഥാപിക്കാൻ ശ്രമങ്ങൾ നടന്നു. അതിനായി മുങ്ങൽ വിദഗ്ധരെ മസ്ക്കറ്റിൽ നിന്നു കൊണ്ടുവന്നു.

മൈസൂറിന്റെ അധിനിവേശം മൂലം മലബാറിലെ വ്യാപാരം അധ:പതിക്കുകയും അഭിവൃദ്ധിപ്പെട്ടിരുന്ന പല കേന്ദ്രങ്ങളും നശിക്കുകയും ചെയ്തു എന്ന കെ.എം.പണിക്കരുടെ നിഗമനം ശരിയല്ലെന്ന് ഇതിൽ നിന്നു തെളിയുന്നു. യുദ്ധത്തിന്റെ ഫലമായി വ്യാപാരകേന്ദ്രങ്ങൾക്കും മറ്റു പ്രവർത്തനങ്ങൾക്കും മാറ്റമുണ്ടായി എന്നല്ലാതെ വ്യാപാരമാന്ദ്യമുണ്ടായില്ല.

*(തുടരും)*

## >> 9 ഹൈക്കോടതിയും റിട്ടധികാരങ്ങളും

**ഇന്ത്യയിൽ റിട്ട് അധികാരം സുപ്രീം കോടതിക്കും ഹൈക്കോടതികൾക്കും മാത്രമേയുള്ളൂ. ഇംഗ്ലണ്ടിലെ കോടതികളിലായിരുന്നു റിട്ടധികാരത്തിന്റെ ഉദ്ഭവം. ഇംഗ്ലണ്ടിൽ രാജാവിനുണ്ടായിരുന്ന പ്രത്യേക അധികാരത്തിൽ നിന്നുമാണ് റിട്ടുകളെ സംബന്ധിച്ചുള്ള നിയമവ്യവസ്ഥകൾ ഉരുത്തിരിഞ്ഞിട്ടുള്ളത്. ഹേബിയസ് കോർപസ്, മാൻഡമസ്, ക്വോ വാറന്റോ പ്രൊഹിബിഷൻ, സെർഷ്യോററി എന്നിങ്ങനെ അഞ്ചുതരം റിട്ടുകളുണ്ട്**

### പ്രൊഹിബിഷൻ (Prohibition)

കീഴ്ക്കോടതികൾ അധികാരമില്ലാതെയും അധികാരത്തിൽ കവിഞ്ഞും സാമാന്യ നീതിക്കു വിരുദ്ധമായും പ്രവർത്തിക്കുന്നതിനെ തടഞ്ഞുകൊണ്ട് കോടതിയിൽ നിന്നും കൊടുക്കുന്ന നിരോധന ഉത്തരവാണ് പ്രൊഹിബിഷൻ റിട്ട്.

നിയമവിരുദ്ധവും നീതിരഹിതവുമായ വിചാരണയെ തടയുക എന്നുള്ളതാണ് ഈ റിട്ടിന്റെ ഉദ്ദേശ്യം. ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസ് കീഴ്ക്കോടതി വിചാരണക്കൊടുത്താൽ അത് നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് പ്രൊഹിബിഷൻ റിട്ട് പുറപ്പെടുവിക്കാവുന്നതാണ്.

### ക്വോ വാറന്റോ (Quo Warranto)

ഈ ലാറ്റിൻ പദത്തിന് 'By what warrant ' എന്നാണർത്ഥം. എന്തധികാരത്തിൽ ഈ സ്ഥാനത്ത് തുടരുന്നു എന്നുള്ളതാണ് ചോദ്യം. ഏതെങ്കിലും ഔദ്യോഗിക സ്ഥാനത്തിരിക്കുന്നയാളിന് അതിനർഹതയില്ലെന്നും ആ സ്ഥാനത്ത് തുടരുവാൻ പാടില്ലെന്നുമാണ് ഈ റിട്ടിന്റെ ഉള്ളടക്കം. പൊതുസ്വഭാവവും പ്രാധാന്യവുമുള്ള ഔദ്യോഗിക സ്ഥാനങ്ങളാണ് ഈ റിട്ടിന് വിഷയീഭവിക്കുക. പൊതുതാത്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഏതു പൗരനും ക്വോ വാറന്റോ റിട്ട് ഹർജികൾ കൊടുക്കാം.

### സെർഷ്യോററി (Certiorari)

ഇതും ലാറ്റിൻ വാക്കാണ് 'To be informed off, maid more certian' എന്നെല്ലാം അർത്ഥമുണ്ട്. ഒരു സർക്കാർ ഉദ്യാഗസ്ഥൻ നിയമവിരുദ്ധമോ ഭരണഘടനാ വിരുദ്ധമോ ആയ ഒരു ഉത്തരവ് പുറപ്പെടുവിച്ചാൽ ആ ഉത്തരവ് റദ്ദാക്കുന്നതിനാണ് ഈ റിട്ടധികാരം ഉപയോഗിക്കുന്നത്. നിയമതത്വങ്ങൾ മറികടന്ന് എടുക്കുന്ന തീരുമാനങ്ങൾ അസ്ഥിരപ്പെടുത്തുനതിന് 'To quash the order' എന്നാണ് പറയുന്നത്. തീരുമാനമെടുക്കുന്നതിനു മുമ്പാണെങ്കിൽ പ്രൊഹിബിഷൻ റിട്ട് പ്രയോജനപ്പെടുത്താം. സെർഷ്യോററി റിട്ട് തെറ്റ് തിരുത്തിക്കൊണ്ടുള്ള ഉത്തരവാണ്. □

# നാരദൻ പതിമൂന്നാം പേജ്

## തെറി മനുഷ്യനായി അവതരിച്ചാൽ



നല്ല നാലുതെറിയുടെ ഗുണം അതു പറഞ്ഞവർക്കും കേട്ടവർക്കുമേ കൂടുതലറിയൂ. പറയാനും കേൾക്കാനും നല്ല തൊലിക്കട്ടി വേണം. തൊലിക്കട്ടിയിലാണു ജീവിതപുരോഗതി കുടികൊള്ളുന്നത്. ഏതു വജ്രായുധത്തെയും നേരിടാൻ തക്ക തൊലിക്കട്ടി ആർജിച്ചുകഴിഞ്ഞാൽ പിന്നെ ഒന്നിനെയും പേടിക്കാനില്ല. ആത്മാവിൽ വിശ്വസിക്കുന്നവർക്ക് അതു സംരക്ഷിക്കാനെങ്കിലും പണിയുണ്ടെന്നോർക്കാം. അതുമില്ലാത്തവർക്ക് ആരെ പേടിക്കണം? എന്തിനെ പേടിക്കണം?

തെറിയുടെ മയപ്പെടുത്തിയ പേരാണു ചീത്ത. ഞാനിന്നലെ മാനേജരുടെ ചീത്തകേട്ടുവെന്നാരെങ്കിലും പറഞ്ഞാൽ അതിലെല്ലാമടങ്ങിയിട്ടുണ്ട്. എന്തായാലും അല്പം അന്തസ്സുള്ളവർക്കു ചീത്തയെ പേടിയുണ്ടെന്നു വ്യക്തം. അധികം ചീത്ത കേൾപ്പിക്കാതെ കാലം കഴിക്കണമെന്നാണല്ലൊ മാന്യന്മാരുടെ ആഗ്രഹം. എങ്കിലും നിവൃത്തികെട്ടാൽ അവരും പറഞ്ഞുപോയെന്നിരിക്കും, ചീത്ത.

എന്നാൽ എന്നും ആരെയെങ്കിലും ചീത്ത വിളിച്ചില്ലേൽ ഉറക്കം വരാത്ത ഹതഭാഗ്യരെക്കുറിച്ചെന്തു പറയാൻ! തെറിയില്ലെങ്കിൽ അവർക്കു ജീവിതമില്ല. തെറിയാണവരുടെ ജീവിതം.

കേരളം ചലനാത്മകമാകണമെങ്കിൽ നിരന്തരം ചീത്ത പറഞ്ഞുകൊണ്ടിരിക്കണമെന്നാണു മന്ത്രി സുധാകരൻ പറയുന്നത്. തന്റെ പണി അതാണത്രെ! ഏതായാലും ചീത്ത പറയാൻ ഔദ്യോഗികമായിത്തന്നെ ഒരാളു നമുക്കുള്ളത് എത്ര നന്ന്!

മന്ത്രി പറഞ്ഞതു വെറുതെയല്ലെന്നു വ്യക്തം. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ചീത്ത പറച്ചിൽ മുറുകട്ടെ. കേരളം പുരോഗതിയിലേക്കു കുതിക്കട്ടെ. ജീവിതം ഒന്നേയുള്ളു. അതു തെറികൊണ്ടു തെളിച്ചെടുക്കുക. എന്നാലും ഒരു സംശയം, തെറി മനുഷ്യനായി അവതരിക്കുമോ?

## സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട!



ഹാവൂ! ഔസേപ്പച്ചന്റെ ആശ്വാസം ചില്ലറയല്ല. ഇപ്പോഴാണു പറഞ്ഞാൽ ചൊവ്വേ നേരെ ഒന്നു കൈ പൊക്കാറായത്. തെറ്റൊന്നും ചെയ്തിട്ടില്ലെന്ന് കോടതി പറഞ്ഞുകഴിഞ്ഞു. ഇനി, ആര് അവിശ്വസിച്ചാലും വേണ്ടില്ല. പാർട്ടിയും ശാന്തമ്മയുമുണ്ടല്ലൊ കൂട്ടിന്. അതുമതി.

ഇനിയൊന്നു മന്ത്രിയാകണം. കൊതികൊണ്ടല്ല. താനിവിടെ ഉണ്ടായിരുന്നുവെന്നും ഇനിയും ഉണ്ടെന്നും എല്ലാവരുമൊന്നറിയണമല്ലൊ. തന്നെ തട്ടിനീക്കി തള്ളിക്കയറിയവർക്കും നീക്കി നിർത്തി നീന്തിക്കയറിയവർക്കും ഒരു മറുപടി. മോൻസുകുട്ടിയാണേൽ റെഡിയായി നില്ക്കുന്നു, രാജിവയ്ക്കാൻ.

പാവം മോൻസ്! കൈയിൽ കിട്ടിയ വകുപ്പിലെ മരാമത്തുകളൊക്കെ ഒരു വിധം ഒതുക്കി വരുന്നതേ ഉണ്ടായിരുന്നുള്ളൂ. അപ്പോഴല്ലെ നേതാവ് അഗ്നിശുദ്ധി വരുത്തി കേറിവന്നത്. അനുയായിക്കു പിന്നെ ആലോചിക്കാനൊന്നുമില്ല. രാജിവയ്ക്കുക തന്നെ. എല്ലാം അവിടുത്തെ ഇഷ്ടം പോലെ!

ഈ ഔസേപ്പച്ചനെപോലെ പിണറായിയും 'അഗ്നിശുദ്ധി' നടത്തണമെന്നാണ് നമ്മുടെ വീരേന്ദ്രകുമാറിന്റെ വാദം. ഹ....ഹ...ഹ...ഹ ഔസേപ്പച്ചനാര്? പിണറായി ആര്? അതു പള്ളീൽ പറഞ്ഞാൽ മതി. അല്ലെങ്കിലും പിണറായിക്കു തീച്ചാട്ടം അത്ര വശമില്ല. വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതാണിഷ്ടം. മോൻസിനി രാജിവയ്ക്കാൻ മടിക്കണ്ട. ജോസഫ് ഗ്രൂപ്പിൽ അനുസരണയുള്ള പിള്ളേരുണ്ടെന്ന് പിണറായി എങ്കിലും മനസ്സിലാക്കട്ടെ.

പി.സി.തോമാച്ചന്റെ കാര്യമാണു കഷ്ടം. കിട്ടിയ നേരം കൊണ്ടു വല്ലതുമൊക്കെ ഒപ്പിക്കാമെന്നു വിചാരിച്ചതാണ്. ഒന്നും നടന്നില്ല. തള്ളിത്തള്ളി രൂപക്കൂടുവരെ വന്നതായിരുന്നു. മുത്തു നടന്നില്ല. ഇനി കുറച്ചുനാള് ഔസേപ്പച്ചന്റെ എഴുന്നെള്ളിപ്പും അതിന്റെ തിക്കും തിരക്കുമൊക്കെ ആയിരിക്കും. തത്ക്കാലം സൈഡിലേക്ക് മാറിനില്ക്കുക തന്നെ. ചെയ്ത പണികളൊക്കെ വെറുതെയായല്ലോ എന്നോർക്കുമ്പോഴാ സങ്കടം!

കർഷകരെ പ്രത്യേകമായി ഒന്നുദ്ധരിച്ചാലോയെന്ന് ആദ്യം കരുതി. പിന്നെ ചാടി പാർട്ടിയുടെ ചെയർമാനായാലോയെന്നു ചിന്തിച്ചു. അങ്ങനെയിരുന്നപ്പോൾ പാർലമെണ്ടിലേക്കു മത്സരിച്ചാലോയെന്നും ഓർക്കാതിരുന്നില്ല. എല്ലാം വെള്ളത്തിൽ വരച്ച വരപോലെ! ശ്രീപെരുംപുതുരെ ന്യായാധിപൻ ഔസേപ്പച്ചനെ ഇങ്ങനെ കയറൂരി വിടുമെന്ന് ആരറിഞ്ഞു?

ഇനി പഴയതൊന്നും ഓർത്തിട്ടും പറഞ്ഞിട്ടും കാര്യമില്ലെന്നേ. ഔസേപ്പച്ചനെ ആഞ്ഞുപുല്കുക. മുത്തം നല്കുക. ധീരാ ധീരാ ജോസഫേ ധീരതയോടെ നയിച്ചോളൂ. പി.സി. തോമസ് പിന്നാലേ. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്റെ ഔസേപ്പച്ചാ!

## മൊഴിയും മറുമൊഴിയും

### ചാണക്യൻ

മാർക്സിസ്റ്റുപാർട്ടി ഇരിക്കുന്ന കൊമ്പു മുറിക്കുകയാണെന്ന് ഉമ്മൻചാണ്ടി.

➢ **കീഴേനില്ക്കുന്ന ആ പാവം അച്ചുമാമനെ ഒന്നു പിടിച്ചുമാറ്റിയേക്കണേ ഉമ്മച്ചാ!**

* * * * *

കേരളത്തിലെ അഴിമതിക്കേസുകളിൽ ഏറ്റവും വലുതു ലാവ്‌ലിൻ.

*-ഒരു പത്രത്തിലെ തലക്കെട്ട്*

➢ **നിങ്ങളു ലാവ്‌ലിൻ ലാവ്‌ലിൻ എന്നു പറഞ്ഞു ബഹളം വയ്ക്കാതിരിക്കാമെങ്കിൽ ഇതിലും വലുതു ശരിയാക്കിത്തരും ചേട്ടൻ!**

* * * * *

പിണറായി വിജയൻ കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയഭീരുവെന്ന് എം.പി.വീരേന്ദ്രകുമാർ.

➢ **വീരേന്ദ്രകുമാർ ഒരു ഭീരുവല്ലാത്തതുകൊണ്ട് കൂട്ടത്തിൽ അധികം ആളുവേണമെന്നുപോലുമില്ല.**

* * * * *

കൈക്കൂലി: ഒരു ഓഫീസിലെ മുഴുവൻ ജീവനക്കാരും പിടിയിൽ.

*- ഒരു പത്രത്തിലെ തലക്കെട്ട്.*

➢ **എല്ലാവരും ഒരുപോലെ ജോലി ചെയ്യുന്ന ഒരു സ്ഥാപനമെങ്കിലുമുണ്ടല്ലൊ നമ്മുടെ നാട്ടിൽ!**

* * * * *

വീട്ടിലെ വൈദ്യുതിച്ചെലവു കുറയ്ക്കുന്ന കുട്ടികൾക്കു സർക്കാർ പാരിതോഷികം നല്കുമെന്നു മന്ത്രി എ.കെ.ബാലൻ.

➢ **മെഴുകുതിരിയോ ജനറേറ്ററോ?**

* * * * *

പാഠ്യപദ്ധതിയിൽ സംസ്കൃതത്തിനു പ്രാധാന്യം നല്കണമെന്നു വിശ്വസംസ്കൃതപ്രതിഷ്ഠാനം സംസ്ഥാനസമ്മേളനം ആവശ്യപ്പെട്ടു.

*- പത്രറിപ്പോർട്ട്*

➢ **അങ്ങനെവന്നാൽ നമ്മുടെ എം.എ.ബേബിസാറിന്റെ അലക്കിത്തേച്ച ഭാഷയ്ക്കു പിന്നെയും പശ കൂടും.**

* * * * *

ചോദ്യപേപ്പർ കാണാതായതിനെത്തുടർന്ന് എം.ജി.സർവകലാശാല പരീക്ഷ മാറ്റിവച്ചപ്പോൾ ചോദ്യപേപ്പർ വഴിയിൽക്കിടന്നു കിട്ടി.

*- പത്രറിപ്പോർട്ട്*

➢ **സത്യം എപ്പോഴും ഉയിർത്തെണീറ്റെന്നു വരില്ല, ചിലപ്പോൾ വഴിയിൽ വീണുകിടക്കും.**

* * * * *

തൊഴിലാളികൾ ചെങ്കൊടി കുത്തിയ പാടം സിപിഎമ്മിന്റെ പച്ചക്കൊടിയോടെ നികത്തി.

*- ഒരു പത്രത്തിലെ തലക്കെട്ട്.*

➢ **വടി കുത്തുന്നതിനു വിരോധമില്ല, പക്ഷേ, കൊടി കുത്തി വാഴണമെങ്കിൽ പാർട്ടിയോടു ചോദിക്കണമെന്നു പാവം സഖാക്കൾ ഇനിയും മനസ്സിലാക്കിയിട്ടില്ല.**

* * * * *

CYAN MAGENTA YELLOW BLACK

ചുവരെഴുത്തുകൾ

ശ്വേതകേതു

# “ഓരോന്നിങ്ങനെയൂഹമോ നിഗമമോ ലാക്കാക്കിയോതാം”

ധാർമികമായ ഒട്ടേറെ കണക്കുതീർക്കലുകളും തീർപ്പുകളും ഹിമശൃംഗംപോലെ മുന്നിലുള്ള ഒരു ജനകീയവിപ്ലവപ്രസ്ഥാനം, സ്വത്വബോധമില്ലാതെ ആഭ്യന്തര കലാപങ്ങളുടെ തോരാമഴയിൽ നനഞ്ഞൊലിച്ച് വ്യക്തിധാർഷ്ട്യത്തിന്റെ ഉടുപുടവ പിഴിഞ്ഞു കുടയുകയാണ്. കാണാൻ വിധിക്കപ്പെട്ടവരാകട്ടെ കടുത്ത നിരാശയിലും ദു:ഖത്തിലുമാണ്; കാലവൈപരിത്യത്താൽ!

സമൂഹത്തിന്റെ കനിവുകളും സഹതാപവുമല്ല; അർഹമായതെല്ലാം നേടിയെടുത്ത്, മർദകരിൽനിന്നുള്ള മോചനം അവകാശമാക്കാൻ അരയും തലയും മുറുക്കിയിറങ്ങിയവർ എന്തിന് പരസ്പരം വാളോങ്ങുന്നു? ധൂർത്തും അപഹരണവുമെന്നു വിവക്ഷിക്കുന്ന അനീതിക്കും അഴിമതിക്കുമെതിരെ ‘സമരി’ക്കാനും കലഹിക്കാനുമുള്ള ജന്മമാണ് തന്റേതെന്നു കരുതുന്ന വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദനാണ് ഒരു വശത്തെങ്കിൽ, മറുഭാഗത്ത് ബോധപൂർവം കോർപ്പറേറ്റ് പൊളിറ്റിക്സ് മാനേജ്മെന്റ് മാനിഫെസ്റ്റോയുടെ വക്താക്കളും.

സമവായത്തിന്റെ മാർഗരേഖ ഉരുത്തിരിഞ്ഞുവരാനുള്ള എല്ലാ പഴുതുകളുമടയുന്ന സംഘടനയിൽ സംഘർഷമല്ലാതെ മറ്റെന്താണ് ഇതുവഴി നീണാൾ വാഴുക? ഈ അവമതികളെ അസ്ഡാളിപ്പോടെ നോക്കിക്കാണുന്ന അണികൾ, സിപിഎം നേരിടുന്ന തകർച്ചയും തളർച്ചയും അനുപേക്ഷണീയമെന്നാണ് വിധിച്ചിരിക്കുന്നതും.

മൂന്നാം പിറന്നാളിന്റെ ആഘോഷത്തിമിർപ്പിൽ കുട്ടിക്കുപ്പായമിട്ട് കൊലുസണിഞ്ഞ സംസ്ഥാനത്തിന്റെ ധീരനും വിജിഗീഷുവുമായ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ തന്റെ സമീപനതന്ത്രങ്ങൾ വ്യർത്ഥമെന്നിറഞ്ഞു മൗനിയായിരിക്കുന്നു. എല്ലായ്പ്പോഴും വിഎസിന്റെ തുറന്ന പോരാട്ടത്തിന് മുന്നിലും പിന്നിലും അണിചേർന്നവർ ഇന്നദ്ദേഹത്തിന്റെ ശരീരഭാഷകണ്ട് അപേക്ഷിക്കുകയാണ്, ‘വൈരിക്കുമുമ്പുഴറിയോടുന്ന ഭീരു’വാകരുതേയെന്ന്. സിപിഎം വരച്ച വരയ്ക്കപ്പുറമൊരു അസ്തിത്വം അസാധ്യമെന്നറിയുന്ന മുഖ്യമന്ത്രി അച്ചടക്കമുള്ള ആളല്ലെന്ന് വരുത്തിതീർക്കാനുള്ള ഗൂഢശ്രമവുമുണ്ട്.

സർക്കാർ ഖജനാവിലെ സമ്പത്തത്രയും അധികാരരാഷ്ട്രീയത്തിന്റെ കൈയൊപ്പിട്ട് അവിഹിതമാർഗത്തിലേക്ക് തിരിച്ചുവിടുന്നവരെ കൈയാമം വെയ്ക്കണമെന്നേ അച്യുതാനന്ദൻ അന്നും ഇന്നും എന്നും പറഞ്ഞിട്ടുള്ളൂ. ഇന്നിപ്പോൾ പൊതുവേദിയിൽ നിന്ന് അത്തരമൊരാഗ്രഹം അദ്ദേഹം പുറപ്പെടുവിച്ചാൽ കേൾവിക്കാർ ചിരിച്ചെന്നുവരും. എന്താണ് കാരണം? ധീരമായ കാൽവെയ്പ് അവശ്യം വേണ്ടുന്ന സന്ദർഭങ്ങളിൽ കാണിക്കുന്ന നിഷ്ക്രിയത്വം; സന്ധി ചെയ്യാതെ തന്നെ പ്രതിയോഗികൾക്ക് വിഹരിക്കാനൊരുക്കുന്ന അവസരങ്ങൾ. പോരേ, അതിസാഹസികമായി നിറവേറ്റേണ്ട ദൃഢപ്രതിജ്ഞകൾക്കു വഴിതെറ്റാൻ?




എസ്എൻസി ലാവ്‌ലിൻ കേസിൽ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നല്കേണ്ടെന്ന് മന്ത്രിസഭ ഗവർണറെ അറിയിച്ചതോടെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന് നല്ല സാധൂകരണം ലഭിച്ചുകഴിഞ്ഞു. ഊർജവകുപ്പ് മുൻ പ്രിൻസിപ്പൽ സെക്രട്ടറി കെ.മോഹനചന്ദ്രൻ, മുൻ ജോയിന്റു സെക്രട്ടറി എ. ഫ്രാൻസിസ് എന്നിവരും ഇതോടെ മോചിതരായിരിക്കുന്നു.

> **ഭൂതകാലത്തിലെന്നോ നടന്ന സംഭവമാണ് ലാവ്‌ലിൻ ഇടപാട്. അതിൽ ഗവേഷണം നടത്തിയിട്ടു കാര്യമില്ലെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവനു പറയാം. സി.ദിവാകരനും മുല്ലക്കരയ്ക്കും ബിനോയ് വിശ്വത്തിനും കെ.പി.രാജേന്ദ്രനും അങ്ങനെ പറയാൻ നാവ് പൊങ്ങിയില്ലെന്നു വരും. ഗാലറിയിൽ ഇരുന്നു കളികാണാൻ കൗതുകം കാണിക്കുന്ന വെളിയം ഭാർഗവൻ തെരഞ്ഞെടുപ്പു കാലങ്ങളിൽ ഇവ്വിധം പറയാൻ ധൈര്യം കാണിക്കുമായിരുന്നോ?**

സാമാന്യനീതിയും നിയമവും എല്ലാവരെയും സമന്മാരെന്ന് പരിഗണിക്കുമ്പോൾ സിപിഎമ്മിന്റെ സമുന്നത നേതാവിന് മന്ത്രിസഭ നല്കുന്ന മോചനം വഴി ചെയ്ത കുറ്റം ഇല്ലാതാവുന്നുണ്ടോ?

സത്യപ്രതിജ്ഞ ചെയ്തു മന്ത്രിയായി അധികാരമേറ്റു എന്ന ഒറ്റക്കാരണത്താൽ ജനപിന്തുണയുടെ വാലിൽതൂങ്ങി നീതിപീഠത്തെ ധിക്കരിക്കുന്ന ആപത്തിനെ ഒരു ജനാധിപത്യവും അംഗീകരിക്കുന്നില്ല. അത്ര പെട്ടെന്ന് അടയുന്ന വഴികളല്ല നീതിപീഠത്തിന്റേത്. അല്പം വൈകിയാലും പിടിമുറുക്കം തീർച്ചയെന്ന് ചില ജയിലറക്കഥകളെങ്കിലും അനാവരണം ചെയ്യുന്നുണ്ട്.

ഭൂതകാലത്തിലെന്നോ നടന്ന സംഭവമാണ് ലാവ്‌ലിൻ ഇടപാട്. അതിൽ ഗവേഷണം നടത്തിയിട്ടു കാര്യമില്ലെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവനു പറയാം. സി.ദിവാകരനും മുല്ലക്കരയ്ക്കും ബിനോയ് വിശ്വത്തിനും കെ.പി.രാജേന്ദ്രനും അങ്ങനെ പറയാൻ നാവ് പൊങ്ങിയില്ലെന്നു വരും. ഗാലറിയിൽ ഇരുന്നു കളികാണാൻ കൗതുകം കാണിക്കുന്ന വെളിയം ഭാർഗവൻ തെരഞ്ഞെടുപ്പു കാലങ്ങളിൽ ഇവ്വിധം പറയാൻ ധൈര്യം കാണിക്കുമായിരുന്നോ?

സീറ്റു തർക്കത്തിന്റെ നാളുകളിൽ പിണറായിയെ പിന്തുണച്ച കുറ്റത്തിന് കുമ്പസാരിച്ചവർ എത്ര പെട്ടെന്ന് ചുവടു മാറിയിരിക്കുന്നു! സിപിഎമ്മിനെയും ഹുസൈൻ രണ്ടത്താണിയെയും ചെറുത്തു തോല്പിക്കാൻ സംവിധായകൻ കമലിനെയും എ.പി. കുഞ്ഞാമുവിനെയും പൊന്നാനിയിലേക്കു വലിച്ചിഴച്ചതിനുള്ള പ്രായശ്ചിത്തം എത്ര ഹൃദ്യമായിരിക്കുന്നു. അല്ലെങ്കിൽ ‘ഹൃദയാർദ്രതനാശമാണ്, വൻ ചതികൊണ്ടേ ജയമുള്ളൂ ഭൂമിയിൽ’ എന്ന തപ്തസന്ദേശം വെളിയത്തെ വല്ലാതെ അലട്ടിയിരിക്കണം.

സംസ്ഥാന മുഖ്യമന്ത്രി ആരുടെയും തടവുകാരനല്ല, ആർക്കും പണയപ്പെടുത്തേണ്ടതുമല്ല ആ പദവി. എന്നിട്ടും ആരോ അതു പിടിച്ചുവാങ്ങാൻ ശ്രമിച്ചു പിൻവാങ്ങിയതു പോലുണ്ട്. മെയ് മാസത്തിലെ രണ്ടാം വെള്ളിയാഴ്ച അപരാഹ്നത്തിൽ ദൃശ്യമാധ്യമങ്ങൾ പുറത്തുവിട്ട വാർത്തയിലൊളിഞ്ഞിരുന്നത് അതാണ്. സിപിഎം സെക്രട്ടേറിയറ്റ് അച്യുതാനന്ദന്റെ രാജി ആവശ്യപ്പെട്ടുവത്രെ! ആ വാർത്തയുടെ ഉറവിടം തേടിയവർ സംശയിച്ചതും മാധ്യമങ്ങളെയായിരുന്നു. നേതാക്കന്മാരുടെ ഉദീരണവും നിഷേധമൊഴികളും ചേർന്ന ഘോഷയാത്രയായിരുന്നു പിന്നീട്. അപ്പോഴും അരമനരഹസ്യം പരസ്യവിപണിയിലെത്തിച്ച വിരുതന്മാർ സെക്രട്ടേറിയറ്റിന് പുറത്തിരുന്ന് ഊറിച്ചിരിച്ചിരിക്കണം.

വാർത്താനിഷേധത്തിന്റെ സൗകുമാര്യം ആർദ്രഭാവത്തോടെ അവതരിപ്പിച്ച പോളിറ്റ് ബ്യൂറോ അംഗം എസ്.രാമചന്ദ്രൻപിള്ളയുടെ ചേഷ്ടകൾ ‘ചാന്തുപൊട്ടി’ലെ രാധയെ ഓർമിപ്പിക്കുന്നതായിരുന്നു. കഴുത്തുവെട്ടിച്ചും തലയാട്ടിയും രസഗുളനുണയും പോലെ ഉരുവിടുന്ന കല്ലുവെച്ചനുണ കഴമ്പില്ലാത്തതെന്നറിയാൻ ആ സ്ത്രൈണഭാവം ധാരാളം മതി. അച്യുതാനന്ദനുശേഷം ആര് എന്ന ചോദ്യത്തിന് ആരെല്ലാമോ കണ്ടുവച്ച ഉത്തരമല്ലേ എസ്ആർപി?

ഒരേ സമയം ദൃശ്യമാധ്യമങ്ങളെല്ലാം ചേർന്നു ചോർത്തി പുറത്തുവിട്ട വാർത്തയെചൊല്ലിയുള്ള വിചാരണ, അംഗബലമുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങൾ നേരിടുന്ന മൂല്യച്യുതിയുടേതാണ്. സുഖകരമല്ലാത്ത ശാസനകളും അന്യമാവുന്ന അച്ചടക്കവും കൈമോശം വന്ന സദാചാരവും ആശയപരമായ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്.

>> 18

**അനുസ്മരണം**

പ്രിൻസ് രാജ്

# രാജീവ് ഗാന്ധി (1944–1991)

**യാ**ദൃച്ഛികമായി രാഷ്ട്രീയത്തിലെത്തി അതിനെക്കാൾ യാദൃച്ഛികമായി വികസിത ഇന്ത്യ സ്വപ്നംകണ്ട ഓരോ ഭാരതീയന്റെയും മനസ്സിൽ നഷ്ടബോധത്തിന്റെ തുരുത്തുകൾ തീർത്ത് കടന്നുപോയ മഹാവ്യക്തിത്വമായിരുന്നു രാജീവ് ഗാന്ധി.

ഇന്ത്യൻ രാഷ്ട്രീയത്തിന്റെ കേന്ദ്രബിന്ദുവായിരുന്ന നെഹ്റുകുടുംബത്തിൽ പിറന്നുവീണിട്ടും രാഷ്ട്രീയത്തോട് ബോധപൂർവമായ അകല്ച പാലിക്കുവാനും ആ ഇടനാഴികളിൽ നിന്നും മാറി, തന്റേതായ സ്വപ്നങ്ങളുടെയും ഇഷ്ടങ്ങളുടെയും ലോകത്ത് വിഹരിക്കുവാനും താത്പര്യപ്പെട്ട അദ്ദേഹം ഒടുവിൽ ഇന്ത്യയുടെ പ്രധാനമന്ത്രി പദം ഏറ്റെടുത്തത് തന്റെ പൂർവികർക്ക് ഈ രാജ്യത്തോടുള്ള ഹൃദയബന്ധത്തിന്റെ ആഴവും പരപ്പും ബോധ്യമുള്ളതുകൊണ്ടായിരുന്നു.



1944 ഓഗസ്റ്റ് 20ന് മുംബൈയിലാണ് രാജീവ് ജനിച്ചത്. അധികാരത്തിന്റെ തിരുമുറ്റത്താണ് ഓടിക്കളിച്ചതെങ്കിലും, അമ്മ ഇന്ദിരാഗാന്ധിയും അച്ഛൻ ഫിറോസ്ഗാന്ധിയും തമ്മിലുള്ള അസ്വാരസ്യങ്ങൾ ആ ബാല്യത്തെ സാരമായ നിലയിൽതന്നെ വേദനിപ്പിച്ചിരുന്നു. പതിനാറു വയസ്സുമാത്രം രാജീവിന് പ്രായമുള്ളപ്പോൾ അച്ഛൻ അന്തരിച്ചു.

ഡൂൺ സ്കൂളിലും കേംബ്രിഡ്ജ് സർവകലാശാലയിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. ഇന്ത്യയിൽ മടങ്ങിയെത്തിയ അദ്ദേഹം ഡൽഹി ഫ്ളൈയിംഗ് ക്ലബിൽ ചേരുകയും ഇന്ത്യൻ എയർലൈൻസിൽ പൈലറ്റാവുകയും ചെയ്തു.

പഠനകാലത്ത് കേംബ്രിഡ്ജിൽവച്ച് പരിചയപ്പെട്ട ഇറ്റലിക്കാരിയായ സോണിയാ മയ്നോയെ 1968ൽ അദ്ദേഹം ജീവിതസഖിയാക്കി. ഇന്ദിരാഗാന്ധി തന്റെ രാഷ്ട്രീയ പിൻഗാമിയായി ഉയർത്തിക്കാട്ടിയ സഞ്ജയ് ഗാന്ധിയുടെ വിമാനാപകടത്തിലുണ്ടായ വേർപാടാണ് രാജീവിന്റെ ജീവിതത്തെയാകെ മാറ്റിമറിച്ചത്. ഈ സംഭവത്തെതുടർന്ന് നെഹ്റുകുടുംബത്തിന്റെ സ്വന്തം മണ്ഡലമെന്ന് വിഖ്യാതമായ ഉത്തർപ്രദേശിലെ അമേഠിയിൽനിന്ന് മത്സരിച്ച അദ്ദേഹം ഉജ്ജ്വലവിജയത്തോടെ എംപിയായി. ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒളിമങ്ങാത്ത ഒരു ദീപത്തിന് തിരിതെളിയുകയായിരുന്നു. 1983ൽ കോൺഗ്രസ് ജനറൽ സെക്രട്ടറി പദത്തിലേക്ക്.

1984 ഒക്ടോബർ 31 ന് രാജ്യത്തെ നടുക്കി ഇന്ദിരാഗാന്ധി അംഗരക്ഷകരുടെ തോക്കിന് ഇരയായതോടെ രാജീവിന്റെ മുന്നിൽ ഒരു വലിയ ഉത്തരവാദിത്വം ഹിമാലയം പോലെ ഉയർന്നുനിന്നു. ഇന്ത്യയെ നയിക്കുക. രാഷ്ട്രീയ അനിശ്ചിതത്വത്തിന് കളമൊരുക്കാതെ, ഇന്ദിരാഗാന്ധിയെ വകവരുത്തിയ ശക്തികളെ ലക്ഷ്യംനേടാൻ അനുവദിക്കാതെ, രാജ്യത്തെ കെട്ടുറപ്പു നഷ്ടപ്പെടാതെ സംരക്ഷിക്കുക. മനസ്സിൽ ദു:ഖം തളംകെട്ടിയ ഭാരത്താൽ തികച്ചും അശക്തനായിരുന്നെങ്കിലും തെല്ലുംകുലുങ്ങാതെ ഉത്തരവാദിത്വം ഏറ്റെടുത്തു.

എന്നാൽ അത് ഒരിക്കലും പതിരായില്ല. സുശക്തവും വികസനോന്മുഖവുമായ ഒരു ഇന്ത്യയ്ക്ക് ഉറച്ച അടിത്തറ പാകുകയായിരുന്നു പ്രധാനമന്ത്രിപദത്തിലുള്ള അദ്ദേഹത്തിന്റെ അഞ്ചുവർഷക്കാലം. 1984ൽ നടന്ന തെരഞ്ഞെടുപ്പിൽ സമാനതകളില്ലാത്ത വിജയമാണ് കോൺഗ്രസ് പാർട്ടി നേടിയത്. 542 സീറ്റിൽ 411 ലും വിജയക്കൊടി പാറിച്ചു.

ഭാരതത്തിന്റെ ആത്മാവുറങ്ങുന്നത് ഗ്രാമങ്ങളിലാണ്, ഗ്രാമങ്ങളുടെ അഭിവൃദ്ധിയിലൂടെയേ ഇന്ത്യ ശക്തമാകൂ എന്ന ഗാന്ധിയൻ ദർശനം അടിസ്ഥാനമാക്കിയുള്ള വികസനപദ്ധതികളാണ് രാജീവ് ഗാന്ധി ആവിഷ്ക്കരിച്ച് നടപ്പാക്കിയത്. പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളുമല്ല, ഉറച്ച തീരുമാനങ്ങളും ആത്മാർത്ഥമായ പ്രവൃത്തിയുമാണ് രാഷ്ട്രീയ നേതൃത്വത്തിന് വേണ്ടതെന്ന് കാട്ടിത്തന്ന ആ കർമയോഗി തന്റേതായ വ്യക്തിമുദ്ര ഇന്ത്യൻ ജനസാമാന്യത്തിനിടയിൽ വളരെ ചെറിയ കാലംകൊണ്ട് പതിപ്പിച്ചു.

> **പഞ്ചായത്ത്‌രാജ് നിയമം, കൂറുമാറ്റ നിരോധന നിയമം, കമ്പ്യൂട്ടർവത്ക്കരണം, ടെലികോം വിപ്ലവം, ജവഹർ റോസ്ഗാർ യോജന തുടങ്ങിയവ രാജീവ് ഗാന്ധിയുടെ ഭരണനേട്ടങ്ങളാണ്. ജനകോടികൾക്ക് ആശ്വാസം പകർന്ന ഈ കർമപരിപാടികൾ ഇന്ത്യയുടെ വികസനം ത്വരിതപ്പെടുത്തി.**

പഞ്ചായത്ത്‌രാജ് നിയമം, കൂറുമാറ്റ നിരോധന നിയമം, കമ്പ്യൂട്ടർവത്ക്കരണം, ടെലികോം വിപ്ലവം, ജവഹർ റോസ്ഗാർ യോജന തുടങ്ങിയവ രാജീവ് ഗാന്ധിയുടെ ഭരണനേട്ടങ്ങളാണ്. ജനകോടികൾക്ക് ആശ്വാസം പകർന്ന ഈ കർമപരിപാടികൾ ഇന്ത്യയുടെ വികസനം ത്വരിതപ്പെടുത്തി. എന്നാൽ രാഷ്ട്രീയ ഉപജാപകസംഘത്തിന് രാജീവിന്റെ ഈ അർപ്പണമനോഭാവവും വികസനമുന്നേറ്റങ്ങളും സഹിക്കുവാൻ കഴിഞ്ഞില്ല. അതിനാൽതന്നെ അവർ രാഷ്ട്രീയഗൂഢാലോചനകൾ നിരന്തരം നടത്തി. അതിന്റെ ഭാഗമായി സ്വീഡനിലെ ബോഫോഴ്സ് കമ്പനിയുമായുള്ള ഒരു ആയുധയിടപാട് അഴിമതിയിൽ മുങ്ങിയതാണെന്ന പ്രചാരണം അഴിച്ചുവിട്ടു. എന്നാൽ രാജീവിന്റെ പങ്ക് തെളിയിക്കുവാൻ ഉപജാപക സംഘത്തിന് കഴിഞ്ഞില്ല.

പക്ഷേ ഈ നിശ്ചദാർഢ്യവും രാഷ്ട്രീയക്കാരന്റെ സ്വതസ്സിദ്ധമായ അടവുനയചിന്തയുടെ അഭാവവുമാണ് അദ്ദേഹത്തെ ദാരുണമായ അന്ത്യത്തിലേക്ക് കൊണ്ടെത്തിച്ചത്. എൽടിടിഇക്കാർ ശ്രീലങ്കൻ സർക്കാരിനെ മുട്ടുകുത്തിക്കുന്ന നിലയിലേക്ക് സ്ഥിതിഗതികൾ എത്തുമെന്ന് കണ്ടതിനെത്തുടർന്ന് അവിടേക്ക് സമാധാനസേനയെ അയയ്ക്കാൻ രാജീവ് ഗാന്ധി തയ്യാറായി. ശ്രീലങ്കയുമായി ഉണ്ടായിരുന്ന കരാറിന്റെ അടിസ്ഥാനത്തിലുള്ള സഹായമായിരുന്നു അത്. എന്നാൽ ഇതിൽ ക്ഷുഭിതരായ എൽടിടിഇ, രാജീവിനെ വധിക്കാൻ പദ്ധതിയിട്ടു. 1991 മെയ് 21ന് തമിഴ്നാട്ടിലെ ശ്രീപെരുമ്പുതൂരിൽ തെരഞ്ഞെടുപ്പു പ്രചാരണത്തിനിടെ രാജ്യത്തെ ആകമാനം നടുക്കിയ ആ സംഭവം അരങ്ങേറി. എൽടിടിഇ പ്രവർത്തകയായ തനു എന്ന മനുഷ്യചാവേർ അദ്ദേഹത്തിന് തൊട്ടടുത്ത് പൊട്ടിത്തെറിച്ചു.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യശക്തിയായ ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ (40) പ്രധാനമന്ത്രി എന്ന വിശേഷണത്തിന് ഇപ്പോഴും ഉടമയായി തുടരുന്ന ആ മഹാപ്രതിഭാധനൻ, അപരിഹാര്യമായ നഷ്ടബോധം ജനകോടികളുടെ മനസ്സിൽ അവശേഷിപ്പിച്ച് കടന്നുപോയി.

# അക്ഷരലോകം

## 101 കുറുക്കൻ കഥകൾ

**അന്തീനാട് ജോസ്**

**പ്രസാ. ദീപനാളം പബ്ലിക്കേഷൻസ്, പാലാ**

**വില: 150.00**



**മ**ലയാള ബാലസാഹിത്യത്തിലെ ഒരു മഹാസംരഭമാണ് ഈ കൃതി. കിച്ചു എന്ന ഒരു കുറുക്കനെ പ്രധാന കഥാപാത്രമാക്കി എഴുതിയ 101 കഥകൾ. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വാദ്യമായ ഈ കൃതിയിലെ മറ്റു കഥാപാത്രങ്ങളെല്ലാം മനുഷ്യരാണ്. കോപ്പാണ്ടൻ, മൂപ്പാണ്ടൻ, കോന്തി, മാന്തി, കാലപാശൻ തുടങ്ങിയ 500ൽപരം കഥാപാത്രങ്ങൾ അണിനിരക്കുന്ന ഈ കൃതി മലയാളബാല സാഹിത്യത്തിലെ ഏറ്റവും വലിയ എന്റർടെയിനറാണെന്നതിൽ സംശയമില്ല.

## കാലത്തിനൊപ്പം ഒരു പെൺകുട്ടി

**ജോസ് കെ.മാനുവൽ**

**പ്രസാ. കൈരളി ബുക്സ്, കണ്ണൂർ**

**വില: 60.00**

**വ**ർത്തമാനകാലത്തിന്റെ ആകുലതകളും വിഹ്വലതകളും ധർമസങ്കടങ്ങളും ആണ് ഈ കഥകളുടെ പൊതുമുദ്ര. അതുകൊണ്ടുതന്നെയാവാം, ഗൃഹാതുരത്വത്തിന്റേതായ നാട്ടിടവഴികളോ തൊട്ടാവാടികളോ ദാവണിത്തുമ്പുകളോ ഒന്നും ഈ കഥകളിലെവിടെയും കാണാനില്ല.



കഥയും ക്രാഫ്റ്റും ഉണ്ട് എന്നുവരുന്ന അവസ്ഥയിലാണ് ഒരു കഥ വിജയിക്കു

ക. കഥയ്ക്കനുസരിച്ചാണ് ക്രാഫ്റ്റ് രൂപപ്പെട്ടുവരുന്നത്. ഓരോ കഥയ്ക്കും അതു പറയുന്ന രീതിക്കനുസരിച്ചുള്ള ക്രാഫ്റ്റാണ് ആവശ്യം. കാലത്തിനനുസരിച്ച് ക്രാഫ്റ്റും മാറുന്നു. ജോസിന്റെ ഏറെ കഥകളിലും കഥയും ക്രാഫ്റ്റും തമ്മിലുള്ള ചേർച്ച ശ്രദ്ധേയമാണ്. ഇതിലും അത് പ്രകടമാണ്.

## ആ ഒരു നിമിഷം

**ഷാലൻ വള്ളുവശ്ശേരി**

**പ്രസാ. എച്ച്&സി ബുക്സ്, തൃശൂർ**

**വില: 35.00**




**അ**ർധരാത്രി കഴിഞ്ഞിരുന്നു. തണുപ്പുള്ള രാത്രിയുടെ ഇരുണ്ട പുതപ്പു പുതച്ച് നാടാകെ ഉറക്കമായിരുന്നു. അഞ്ചേക്കർ വളപ്പിനു നടുവിലുള്ള ഏലിയാസിന്റെ ബംഗ്ലാവിൽ സോഫിയ തനിച്ചായിരുന്നു. അവളെ തേടിയെത്തുന്ന ദുരന്തങ്ങൾ–ഉദ്വേഗജനകമായ സംഭവ പരമ്പരകൾ നിറഞ്ഞ ആദ്യന്തം ഹൃദ്യമായ നോവൽ.

********